# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1718/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുവേശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1718/2022 തീയ്യതി: 28/02/2023

## കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-05-2022 മുതൽ 20-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീമതി നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി അന്ന അബ്രഹാം,ഓഡിറ്റർ(ഹയർ ഗ്രേഡ്).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ടെസി ഇമ്മാനുവൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഒ.എം ജോർജ്ജ് | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ റോബർട്ട് ജോസഫ് | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 30-11-2021 |
| ശ്രീമതി അപർണ്ണ മുണ്ടക്കൽ തറമ്മൽ | അസിസ്റ്റന്റ് എൻജിനീയർ | 01-12-2021 | 09-12-2021 |
| ശ്രീ ജ്യോതിഷ് ബാബു.കെ.ആർ | അസിസ്റ്റന്റ് എൻജിനീയർ | 10-12-2021 | 13-02-2022 |
| ശ്രീമതി നീതു.പി.വി | അസിസ്റ്റന്റ് എൻജിനീയർ | 14-02-2022 | 31-03-2022 |
| ശ്രീ ജിനു.വി.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ: അമ്പിളി മോഹൻ.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ: ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ സജിത് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീ ബിജോയ് മാത്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ഡോ: അഞ്ജു ടി തോമസ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ:നീതു.പി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അൽഫോൺസ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ .ആന്റണി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ലിജു.വി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഏരുവേശ്ശി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അനിത.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി നാരായണി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല-വരുമാനനഷ്ടമുണ്ടാകുന്നു. | 1-11 |
| 16 | 60 ച.മീ. ന്റ മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 1-12 |
| 17 | വിവിധ ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. | 1-13 |
| 18 | റിസോർട്ടുകളുടെ വസ്തു നികുതി -റിസോർട്ടുകളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ മറ്റ് ഉപയോഗക്രമത്തിലുൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.₹93861 യുടെ നഷ്ടം. | 1-14 |
| 19 | ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ. | 1-15 |
| 20 | സ്റ്റോൺ ക്രഷറിന്റെ യന്ത്രസാമഗ്രികൾ സ്ഥാപിച്ച ബിൽഡിംഗ് ഏരിയ സംബന്ധിച്ച പ്ലാൻ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-16 |
| 21 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. 82143/-രൂപ | 1-17 |
| 22 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-18 |
| 23 | ഡെഫേർഡ് സാലറി ഒറ്റ ഗഡുവായി അനുവദിച്ചു | 1-19 |

| | | |
|---|---|---|
| 24 | നോൺ പ്ലാൻ ചെലവ് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ - ₹297881 തടസ്സപ്പെടുത്തുന്നു. | 1-20 |
| 25 | പഞ്ചായത്ത് ഓഫീസ് വാഹനത്തിന് ഇന്ധനം നിറച്ചതിന് തുക നൽകിയത് - കുടിശ്ശിക സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല ആദായ നികുതിയും ഈടാക്കിയില്ല - ചെലവ് തുക ₹332310 തടസ്സപ്പെടുത്തുന്നു. | 1-21 |
| 26 | വൈദ്യുത ലൈൻ മാറ്റി വെയ്ക്കൽ - പൂർത്തീകരണ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹51265 തടസ്സപ്പെടുത്തുന്നു | 1-22 |
| 27 | സമ്പൂർണ്ണ കുടിവെള്ള പദ്ധതി - ഭൂജല വകുപ്പിന് തുക ഡെപ്പോസിറ്റ് നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 28 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-24 |
| 29 | മഴക്കാല പൂർവശുചീകരണം - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹420000 തടസ്സപ്പെടുത്തുന്നു. | 1-25 |
| 30 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി-മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം | 1-26 |
| 31 | അനുപൂരക പോഷകാഹാരം - 1500 കി ഗ്രാം. WBNP അരി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-27 |
| 32 | അനുപൂരക പോഷകാഹാരം- 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-28 |
| 33 | പാലിയേറ്റീവ് ഹോംകെയർ പരിപാടി - മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-29 |
| 34 | കോവിഡ് 19 -മരുന്നുകളും സർജിക്കലുകളും ഉപകരണങ്ങളും വാങ്ങുന്നത് - രേഖകൾ ലഭ്യമാക്കിയില്ല. | 1-30 |
| 35 | തുടർ സാക്ഷരത – സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും രശീത് ലഭ്യമാക്കിയില്ല. | 1-31 |
| 36 | റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-32 |
| 37 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-33 |
| | ഭാഗം **2** | |
| 1 | സ്വകാര്യഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് കാരണം വരുമാന നഷ്ടം 1,52,712/-രൂപ | 2-1 |
| 2 | റിസോർട്ടുകളുടെ വസ്തു നികുതി -റിസോർട്ടുകളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ മറ്റ് ഉപയോഗക്രമത്തിലുൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ | 2-2 |

| | | |
|---|---|---|
| | വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.₹93861 യുടെ നഷ്ടം. | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 12-02-2021 തീയതിയിലെ യോഗത്തിലെ 10/2021 (2)നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏരുവശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 17-02-2021തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-01/50/2021) 18-02-2021 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 02/52/2021 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09-03-2022 തീയതിയിലെ യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ-16/22) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 21-03-2022തീയതിയിലെ 12/90/ 22 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5994932 | 3762054 |
| വരവ് | 266153753 | 273037467 |
| ആകെ | 272148685 | 276799521 |
| ചെലവ് | 271283770 | 272820201 |
| നീക്കിയിരിപ്പ് | 864915 | 3979320 |

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 10-06-2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12-05-2022 തീയതിയിലെ 1/146/22 നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക അംഗികരിക്കുകയുണ്ടായി.

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

1. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹156480 വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Empties And Waste Materials ഇനത്തിൽ ₹77042വരവുണ്ട്. എന്നാൽ ആയത് പരിശോധിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. B-11 ഷെഡ്യൂളിൽ ഭൂമിയുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

4.ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ഹോണറേറിയം, വാഹന ഇന്ധനച്ചെലവ്, കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയുടെ ബാധ്യത ചെലവുകളുടെ കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല.

5.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6.2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16223319 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60758786 |
| ആകെ | 76982105 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58654535 |
| നീക്കിയിരിപ്പ് | 18327570 |
| വരവിനങ്ങളിലുള്ള നഷ്ടം | 246573 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1101456 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16082000 (14590400+1491600) | 16082000 | 13178383 | 2903617 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 558000 | 558000 | 558000 | 0 |
| വികസന ഫണ്ട്-ടി എസ്.പി | 0 | 1818000 | 1818000 | 1810950 | 7050 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 12131968 | 12131968 | 7477425 | 4654543 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 5524080 | 5524080 | 1660920 | 3863160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 9164317 | 9164317 | 1244577 | 7919740 * |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഫണ്ട് | 0 | 3691522 [2994000+ 54374(പലിശ)+643148] | 3691522 | 746154 | 2890994 (+54374 പലിശ) ** |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| എം ജി എൻ ആർ ഇ ജി എസ് | 15287 | 42038820 | 42054107 | 42050556 | 3551 |
| ഐ സി ഡി എസ്- | 427528 | 837945 | 1265473 | 1059122 | 206351 |
| എം പി ഫണ്ട് | 44326 | 1209 | 45535 | 0 | 44535 |
| TSC | 12000 | 0 | 12000 | 0 | 12000 |
| Other Central Govt.grants | 758032 | 0 | 758032 | 757000 | 1032 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ടോട്ടൽ സാനിട്ടേഷൻ | 509008 | 13925 | 522933 | 0 | 522933 |
| ശുചിത്വമിഷൻ | 151679 | 140000 | 291679 | 0 | 291679 |
| സാക്ഷരത | 100241 | 2734 | 102975 | 0 | 102975 |
| കേരളോൽസവം | 7518 | 0 | 7518 | 0 | 7518 |
| വിമുക്തി, ആശ്രയ, ലൈഫ് ഭവന പദ്ധതി | 2740147 | 219665 | 2959812 | 1869083 | 1090729 |
| മറ്റ് സർക്കാർ ഏജൻസികൾ | 25000 | 18250 | 43250 | 0 | 43250 |
| കോർപ്പസ് ഫണ്ട് | 414484 | 0 | 414484 | 0 | 414484 |

*സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭിച്ച ₹4672317 യിൽ ₹740577 യാണ് ചെലവഴിച്ചത്. ഇത് കാരണം ₹3931740 രൂപ ലാപ്സ് ആയിട്ടുണ്ട്.

** സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭിച്ച '₹643148 യിൽ ₹492943 യാണ് ചെലവഴിച്ചത്. ഇത് കാരണം ₹150205 രൂപ ലാപ്സ് ആയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 151 | 89902826 | 104 | 38131815 | 11 | 93 | 47 | 61.58 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 1076200 | 981500 | 91.20 |
| വെറ്റിനറി സർജൻ | 5 | 5 | 2332053 | 2305000 | 100 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 5 | 4 | 1669583 | 1593804 | 95.46 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 1 | 1 | 500000 | 500000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 369000 | 183852 | 22.82 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 20 | 36484454 | 9051597 | 24.81 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 5351925 | 4221603 | 78.88 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 26 | 22 | 9385687 | 5080586 | 54.13 |
| ഹെഡ് മാസ്റ്റർ,ഗവ.യു പി സ്കൂൾ. | 4 | 3 | 1120018 | 1060368 | 94.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 69 | 34 | 28876906 | 11091288 | 38.41 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 911000 | 60.73 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 5 | 5 | 1037000 | 951217 | 91.73 |
| ആകെ | 151 | 104 | 89902826 | 38131815 | 42.41 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15287 | 1005541 | 1020828 | 1017277 | 3551 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 41033279 | 41033279 | 41033279 | 0 |
| ആകെ | 15287 | 42038820 | 42054107 | 42050556 | 3551 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജി എസ് ടി ഈടാക്കുന്നില്ല.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

2.മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

A)മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തിയിട്ടില്ല.

B)മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് കരാറുകാരന്റെ സ്വന്തം പേരിലുള്ള ബില്ലുകളാണ്.

3.ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

റോഡ് കോൺക്രീറ്റ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. അതിനാൽ തന്നെ റോഡിന്റെ ഏതു ഭാഗത്താണ് പ്രവൃത്തി നടക്കുന്നതെന്ന് വ്യക്തമാക്കപ്പെടുന്നില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 223 | 3280800 |
| വിധവാ പെൻഷൻ | 552 | 8876500 |
| വാർദ്ധക്യകാല പെൻഷൻ | 1973 | 28970200 |
| ഭിന്നശേഷി പെൻഷൻ | 248 | 3927300 |
| അവിവാഹിത പെൻഷൻ | 29 | 489200 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 2 | 60000 |
| തൊഴിൽരഹിത വേതനം | 30 | 21840 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2022 തീയ്യതിയിൽ 3.07 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5779/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിലെ 30-11-2022 തീയതിയിലെ കണക്കുകളനുസരിച്ച് 1055 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്.സമയപരിധി കഴിഞ്ഞ 91 ഫയലുകളും ന്യൂനതകൾ പരിഹരിക്കുവാനുള്ള 50 ഫയലുകളും ഇവയിൽ ഉൾപ്പെടുന്നു.ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്ഥാപനതലത്തിൽ സത്വരനടപടി ആവശ്യമാണ്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല -ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നില്ല .

വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച നിർവഹണത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് .

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി 2021-22ഒന്നാം അർദ്ധവർഷത്തെ വരവ് -ചെലവ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല.രണ്ടാം അർദ്ധവർഷതെതെ റിപ്പോർട്ടിൽ പരാമർശിച്ച സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിലെ കാലതാമസം സംബന്ധിച്ച വിഷയത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഹരിതകർമ്മസേന -അജൈവമാലിന്യ ശേഖരണം -മാലിന്യശേഖരണം നടത്തുന്ന ഏജൻസിയിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച കൃത്യമായ കണക്കുകളില്ല .

അജൈവമാലിന്യശേഖരണത്തിന് ഗ്രീൻ വേവ്സ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിരിക്കുന്നത്.പ്രസ്തുത സ്ഥാപനത്തിന് പ്ലാസ്റ്റിക് വസ്തുക്കൾ നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകയെ സംബന്ധിച്ച് ഹരിതകർമ്മസേനയുടെ പക്കൽ കൃത്യമായ കണക്കുകളില്ല.ശേഖരിച്ച അജൈവമാലിന്യങ്ങൾക്ക് ഗ്രീൻ വേവ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നടപടി ആവശ്യമാണ്.കോഴി മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വിരാട് റെന്ററിംഗ് ടെക്നോളജി എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്.ഒരു കിലോഗ്രാം കോഴിമാലിന്യം ശേഖരിക്കുമ്പോൾ ഇരുപത്തിയഞ്ച് പൈസ നിരക്കിൽ പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുണ്ട്.എന്നാൽ നാളിതുവരെയായും ഈയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകനടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃതനിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ

വീഴ്ചയുണ്ടായിട്ടുണ്ട്..

മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കണ്ട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തന്നെ അപൂർണ്ണവുമാണ്.മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്)തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി)മേൽസൂചിപ്പിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ ( ഒക്ടോബർ-2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 12/2017 മാസം മുതലുള്ള 12 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ മുഴുവൻ തടസ്സങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല-വരുമാനനഷ്ടമുണ്ടാകുന്നു.

കുറിച്ചിയേൽ ടോം ജോസഫ് എന്നവരുടെ ഉടമസ്ഥതയിൽ വാർഡ്-10,ഇടമനയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകങ്ങളുണ്ടായിട്ടുണ്ട്. കുറിച്ചിയേൽ ടോം ജോസഫ് എന്നവരുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളുടെ വിവരവും നികുതി നിർണ്ണയത്തിലെ അപാകങ്ങളും സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ-A4/2923/2021

1.കെട്ടിടനിർമ്മാണാനുമതി നൽകിയ പ്ലാനിൽ ഉൾപ്പെടുത്തിയ നിലവിലുള്ള ( Existing ) കെട്ടിടങ്ങളുടെ വിസ്തീർണ്ണം സഞ്ചയയിൽ ഉൾപ്പെടുത്തിയതിൽ കുറവ്.

കുറിച്ചിയേൽ ടോം ജോസഫിന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് നമ്പർ A4-BAC(342441)/2019 തീയതി 01-11-2019 പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകിയ പുതിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം 1718.3 ചതുരശ്രമീറ്ററും ഉടമയുടെ പേരിൽ നിലവിലുള്ള (Existing) സ്പെഷൽ റെസിഡൻഷ്യൽ കെട്ടിടവിസ്തീർണ്ണം 721.08 ചതുരശ്രമീറ്ററും നിലവിലുള്ള

(Existing) റെസിഡൻഷ്യൽ കെട്ടിടവിസ്തീർണ്ണം 365.13 ചതുരശ്രമീറ്ററും (ആകെ കെട്ടിടവിസ്തീർണ്ണം Existing-1086.21 M2,പുതിയ പെർമിറ്റ് പ്രകാരം- 1718.3 M2,ആകെ -2804.51 M2) ആണ്.എന്നാൽ ടിയാന്റെ പേരിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലുള്ളത് സ്പെഷൽ റെസിഡൻഷ്യൽ വിഭാഗത്തിൽ 331 ചതുരശ്രമീറ്ററും റെസിഡൻഷ്യൽ വിഭാഗത്തിൽ 240ചതുരശ്രമീറ്ററും വ്യവസായത്തിനാവശ്യമുള്ളവ-സ്റ്റോറേജ് ഷെഡ് വിഭാഗത്തിൽ 30 ചതുരശ്രമീറ്ററും ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ 3 ചതുരശ്രമീറ്ററും ഉൾപ്പെടെ ആകെ 604 ച.മീറ്റർ മാത്രമാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലുള്ള (Existing) കെട്ടിടങ്ങളുടെ വിവരം.

| കെട്ടിട നമ്പർ | പ്ലിന്ത് എരിയ (ച.മീ) | ഉപയോഗക്രമം | അടിസ്ഥാനവസ്തുനികുതി നിരക്ക് (ച.മീ) | നിലവിലെ ആകെ നികുതി (ഇളവുകൾ, വർദ്ധനവ്, ഗ്രന്ഥശാലവരി ഉൾപ്പെടെ) |
|---|---|---|---|---|
| 423 | 240 | പാർപ്പിടാവശ്യം-വീടുകൾ | 4 | 1109 |
| 424 | 30 | വ്യവസായത്തിനാവശ്യമുള്ളവ-സ്റ്റോറേജ് ഷെഡ് | 10 | 80 |
| 425 | 3 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 126 |
| 424 A | 86 | പാർപ്പിടാവശ്യം-ഹോസ്റ്റലുകൾ | 4 | 434 |
| 424 B | 86 | ഹോസ്റ്റൽ | --ടി-- | 434 |
| 424 C | 86 | ഹോസ്റ്റൽ | ---ടി--- | 434 |
| 424 D | 86 | ഹോസ്റ്റൽ | ---ടി--- | 434 |
| 424 E | 87 | ഹോസ്റ്റൽ | ---ടി--- | 439 |
| 424 F | 87 | ഹോസ്റ്റൽ | ---ടി--- | 439 |
| 424 G | 86 | ഹോസ്റ്റൽ | ---ടി--- | 133 |
| ആകെ പ്ലിന്ത് ഏരിയ | 604 | | | |

01-11-2019 തീയതിയിൽ അധികകെട്ടിടനിർമ്മാണാനുമതി നൽകിയ പ്ലാനിലുൾപ്പെടുത്തിയ ഉടമയുടെ പേരിലുള്ള നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം മേൽ പട്ടിക പ്രകാരം സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തെക്കാൾ ആകെ 482.21 ച.മീ കുറവ് കാണുന്നുണ്ട്.ഉപയോഗക്രമത്തിലുള്ള വിസ്തീർണ്ണത്തിലും വ്യത്യസമുണ്ട്.ഇപ്രകാരം വിസ്തീർണ്ണത്തിൽ കുറവ് വന്ന സാഹചര്യത്തിൽ അനധികൃത കെട്ടിടനിർമ്മാണം നടത്തിയിട്ടുണ്ടോയെന്നും ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും മറുപടി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

2.സ്വകാര്യഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് കാരണം വരുമാന നഷ്ടം 1,52,712/-രൂപ

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ അംഗീകരിച്ച അടിസ്ഥാനവസ്തുനികുതി നിരക്ക് പ്രകാരം പാർപ്പിടാവശ്യങ്ങൾക്കുള്ള സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്ററിന് 30/-രൂപ വീതം ഈടാക്കേണ്ടതാണ്.പഞ്ചായത്തിന്റെ വസ്തു നികുതി സഞ്ചയയിൽ എൻടി ചെയ്തത് പരിശോധിച്ചപ്പോൾ പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ ഒരു ചതുരശ്രമീറ്ററിന് 4/-രൂപ പ്രകാരമാണ് ഈടാക്കിയിട്ടുള്ളതെന്ന് കണ്ടു.ഇതു കാരണം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിടനമ്പർ | പ്ലിന്ത് എരിയ (ച.മീ) | നിലവിലെ ആകെ നികുതി (വർദ്ധനവ് വഴിസൗകര്യം-20%,ഗ്രന്ഥശാലവരി | ഈടാക്കേണ്ടിയിരുന്ന ആകെ നികുതി (വർദ്ധനവ് വഴിസൗകര്യം- | കുറവ് (പ്രതിവർഷം) | 2013-14 മുതൽ 2021-22 വരെയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | -5%ഉൾപ്പെടെ) | 20%,ഗ്രന്ഥശാലവരി -5%ഉൾപ്പെടെ) | | നഷ്ടം |
| 424 A | 86 | 434 | 3251 | 2817 | 25353 |
| 424 B | 86 | 434 | 3251 | 2817 | 25353 |
| 424 C | 86 | 434 | 3251 | 2817 | 25353 |
| 424 D | 86 | 434 | 3251 | 2817 | 25353 |
| 424 E | 87 | 439 | 3289 | 2850 | 25650 |
| 424 F | 87 | 439 | 3289 | 2850 | 25650 |
| ആകെ | | | | | 1,52,712 |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നിരക്കിനെക്കാളും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനാൽ 2013-14 മുതൽ 2021-22 വരെയുള്ള കാലയളവിൽ 1,52,712/-രൂപ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നു.

സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ഇപ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നിരക്കിനെക്കാളും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനാൽ വരുമാനനഷ്ടം സംഭവിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

3.സ്വകാര്യഹോസ്റ്റൽ കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന് മാത്രം ഘടനാപരമായി മാറ്റം വരുത്തിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

കുറിച്ചിയേൽ ടോം ജോസഫിന്റെ ഉടമസ്ഥതയിലുള്ള സ്വകാര്യഹോസ്റ്റൽ കെട്ടിടങ്ങളിൽ 424G ഒഴികെയുള്ള കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തിയതിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങളായി പരിഗണിച്ചാണ് 2013-14 വർഷം മുതൽ നികുതി ചുമത്തിയിട്ടുള്ളത്.എന്നാൽ 424G നമ്പർ കെട്ടിടം മാത്രം ഘടനാപരമായി മാറ്റം വരുത്താത്ത കെട്ടിടമായി പരിഗണിച്ച് വാർഷികവാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള നികുതി തന്നെയാണ് നിർണ്ണയിച്ചിട്ടുള്ളത്. 424G നമ്പർ കെട്ടിടത്തിന് മാത്രം ഈ രീതിയിൽ നികുതി നിർണ്ണയിച്ചതിന്റെ കാരണം സൈറ്റ് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

4.പ്രാഥമികമേഖലയിലുള്ള കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തുനികുതിയിൽ 10% ഇളവ് അനുവദിച്ചത് കാരണം വരുമാനനഷ്ടം.

കുറിച്ചിയേൽ ടോം ജോസഫിന്റെ ഉടമസ്ഥതയിലുള്ള മേൽ പരാമർശിച്ച കെട്ടിടങ്ങളെല്ലാം തന്നെ പ്രാഥമികമേഖയിലുള്ള കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയം നടത്തിയവയാണ്.എന്നാൽ താഴെപ്പറയുന്ന പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളെ (424 Hമുതൽ G വരെയുള്ള) ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തുനികുതിയിൻമേൽ 10% ഇളവ് അനുവദിച്ചതിനാൽ വരുമാനനഷ്ടമുണ്ടായി.

ഭാഗികമായ കംപ്ലീഷൻ പ്ലാൻ പ്രകാരം 2020-21 വർഷത്തിൽ ഒക്കുപ്പൻസി അനുവദിച്ച് നികുതി ചുമത്തിയ കെട്ടിടങ്ങൾ

| കെട്ടിടനമ്പർ | പ്ലിന്ത് എരിയ (ച.മീ) | ഉപയോഗക്രമം | അടിസ്ഥാനവസ്തുനികുതി നിരക്ക് (ച.മീ) | നിലവിലെ ആകെ നികുതി (ഇളവുകൾ, വർദ്ധനവ്, ഗ്രന്ഥശാലവരി ഉൾപ്പെടെ) |
|---|---|---|---|---|
| 424 H | 42 | താഴത്തെ നില-വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ | 50 | 2426 |
| 424 I | 84 | ---ടി---- | --ടി---- | 4851 |
| 424 J | 77.43 | ---ടി---- | --ടി---- | 4472 |
| 424 K | 304.37 | ലോഡ്ജ്-സ്പെഷ്യൽ റെസിഡൻഷ്യൽ | 20 | 7991 |

മേൽ പട്ടികയിൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല പ്രാഥമിക മേഖലക്ക് പകരം

ദ്വിതീയമേഖലയായി കണക്കാക്കി ക്രമപ്രകാരമല്ലാതെ 10% ഇളവ് അനുവദിച്ചത് വഴി താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.(2020-21 ഒന്നാം അർദ്ധവർഷം മുതൽ)

| കെട്ടിടനമ്പർ | അടിസ്ഥാന വസ്തുനികുതി | ക്രമപ്രകാരമല്ലാതെ 10% ഇളവ് നൽകിയ തുക | ആനുപാതികമായി ഗ്രന്ഥശാലവരി | ആകെ നഷ്ടം |
|---|---|---|---|---|
| 424 H | 2100 | 210 | 10.5 | 221 |
| 424 I | 4200 | 420 | 21 | 441 |
| 424 J | 3871.50 | 387.15 | 19.36 | 407 |
| 424 K | 6087.40 | 608.74 | 30.44 | 639 |
| ആകെ | | | | 1708 |

വസ്തുനികുതിയിനത്തിൽ 2020-21 ,2021-22 വർഷത്തിൽ കുറവ് വന്ന തുക 3416/-രൂപ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു.

<u>കംപ്ലീഷൻ പ്ലാൻ പ്രകാരം 2021-22 വർഷത്തിൽ ഒക്കുപ്പൻസി അനുവദിച്ച് നികുതി ചുമത്തിയ കെട്ടിടങ്ങൾ</u>

| കെട്ടിടനമ്പർ | പ്ലിന്ത് എരിയ (ച.മീ) | ഉപയോഗക്രമം | അടിസ്ഥാനവസ്തുനികുതി നിരക്ക് (ച.മീ) | നിലവിലെ നികുതി (ഇളവുകൾ, വർദ്ധനവ്, ഗ്രന്ഥശാലവരി ഉൾപ്പെടെ) |
|---|---|---|---|---|
| 424 L | 71.83 | ഒന്നാം നില-വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ | 50 | 3942 |
| 424 M | 35.99 | ----ടി---- | ---ടി--- | 1976 |
| 424 N | 109.71 | ----ടി---- | ---ടി--- | 6021 |
| 424 O | 376.13 | ഒന്നാം നില-ലോഡ്ജ്-സ്പെഷ്യൽ റെസിഡൻഷ്യൽ | 20 | 10664 |
| 424 P | 95.58 | രണ്ടാം നില-വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ | 50 | 4969 |
| 424 Q | 521.25 | രണ്ടാം നില-വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ | 50 | 28324 |
| നൽകിയിട്ടില്ല | 26.72 | വാണിജ്യം | | നികുതി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കിയ ഭാഗം |
| ആകെ | 1237.21 | | | |

മേൽ പട്ടികയിൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല പ്രാഥമിക മേഖലക്ക് പകരം ദ്വിതീയമേഖലയായി കണക്കാക്കി ക്രമപ്രകാരമല്ലാതെ 10% ഇളവ് അനുവദിച്ചത് വഴി താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.(2021-22 ഒന്നാം അർദ്ധവർഷം മുതൽ)

| കെട്ടിടനമ്പർ | അടിസ്ഥാന | ക്രമപ്രകാരമല്ലാതെ | ആനുപാതികമായി | ആകെ |
|---|---|---|---|---|

| | വസ്തുനികുതി | 10% ഇളവ് നൽകിയ തുക | ഗ്രന്ഥശാലവരി | നഷ്ടം |
|---|---|---|---|---|
| 424 L | 3591.5 | 359.15 | 17.96 | 377 |
| 424 M | 1799.5 | 179.95 | 9 | 189 |
| 424 N | 5485.5 | 548.55 | 27.43 | 576 |
| 424 O | 7522.6 | 752.26 | 37.61 | 790 |
| 424 P | 4779 | 477.9 | 23.90 | 502 |
| 424 Q | 26062.50 | 2606 .25 | 130.3 | 2737 |
| ആകെ | | | | 5171 |

വസ്തുനികുതിയിനത്തിൽ 2021-22 വർഷത്തിൽ കുറവ് വന്ന തുക 5171/-രൂപ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു.

5.ടെറസ് ഫ്ലോറിലെ കെട്ടിട ഏരിയക്ക് വസ്തുനികുതി ഈടാക്കിയില്ല-1683/-രൂപയുടെ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള വിഭാഗത്തിലുൾപ്പെടുന്ന 26.72 ച.മീ വിസ്തീർണ്ണമുള്ള ടെറസ് ഫ്ലോർ ഏരിയക്ക് വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ താഴെപ്പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ച.മീ |
| അടിസ്ഥാനനികുതി | 26.72x50=1336 |
| വർദ്ധനവ്-വഴിസൗകര്യം(20%) | 267 |
| ആകെ അടിസ്ഥാനവസ്തുനികുതി | 1603 |
| ഗ്രന്ഥശാലാവരി 5% | 80 |
| ആകെ നികുതി | 1683 |

വസ്തുനികുതിയിനത്തിൽ 2021-22 വർഷത്തിൽ കുറവ് വന്ന തുക 1683/-രൂപ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു.

പ്രാഥമികമേഖലയിലുൾപ്പെടുന്ന കെട്ടിടങ്ങളെ ഇപ്രകാരം ദ്വിതീയ മേഖലയിൽ തെറ്റായി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയതുവഴി വരുമാനനഷ്ടം സംഭവിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

6.കെട്ടിടത്തിന് ഫയർ എൻ ഒ സി (ഇനീഷ്യൽ,ഫൈനൽ ) ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കെട്ടിടത്തിന് കെട്ടിടത്തിന് ഫയർ എൻ ഒ സി (ഇനീഷ്യൽ,ഫൈനൽ ) ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റ് സമയത്ത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് ഫയർ എൻ ഒ സി (ഇനീഷ്യൽ,ഫൈനൽ ) ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഫയൽ വിശദമായി പരിശോധിച്ച് സൈറ്റ് പരിശോധന ഉൾപ്പെടെ നടത്തിയ ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു.(ഓഡിറ്റ് എൻക്വയറി നമ്പർ-26 തീയതി 30-11-2022)

## 1-12 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

## 1-29 പാലിയേറ്റീവ് ഹോംകെയർ പരിപാടി - മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രോജക്ട് നമ്പർ, പേര് | 59/22, പാലിയേറ്റീവ് ഹോംകെയർ പരിപാടി |
| അടങ്കൽ ₹1050000 | ₹710000(വികസന ഫണ്ട്, ജനറൽ)<br>₹40000 (തനത് ഫണ്ട്)<br>₹300000(മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് ₹999924<br>ബിൽ/ചെക്ക് നമ്പർ, തീയതി | ₹73180, 1/21-22, 16-7-21<br>₹107795, 2/21-22, 23-9-21<br>₹73145, 6/21-22, 24-12-21<br>₹73810, 9/21-22, 8-2-22<br>₹51547, 10/21-22, 28-2-22<br>₹250000, 11/21-22, 8-3-22<br>₹40180, 13/21-22, 19-3-22<br>₹292832, 16/21-22, 26-3-22<br>₹37435, 15/21-22, 26-3-22 |

പാലിയേറ്റീവ് ഹോംകെയർ പരിപാടിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ വിസിറ്റ് നടത്തുന്നതിനും കിടപ്പുരോഗികൾക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തയ്യാറാക്കിയ പ്രോജക്ടിൽ ഹോംകെയർ വിസിറ്റ് നടത്തിയതിന്റെ വാഹനവാടകയിനത്തിലും മരുന്ന്, ഉപകരണങ്ങൾ വാങ്ങുന്നതിനും ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിനും പാലിയേറ്റീവ് ദിനാചരണം നടത്തുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിൽ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ആയവ മുഴുവനായി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | മുൻകൂർ തുക നൽകിയ സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | ഒടുക്കിയ തുക | ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ, തീയതി | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | ₹250000, 11/21-22, 8-3-22 | KMSCL | 6359,28-2-22 | 250000 | 5447/2-7-22, ₹17166<br>5736/7-7-22, ₹125972<br>5741/7-7-22, ₹17611 | ₹89251 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/28-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് / ഉപകരണങ്ങൾ ലഭിച്ചതിന്റെ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 കോവിഡ് 19 -മരുന്നുകളും സർജിക്കലുകളും ഉപകരണങ്ങളും വാങ്ങുന്നത് - രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി. |
| പ്രോജക്ട് നമ്പർ, പേര് | 87/22, കോവിഡ് 19 - മരുന്നുകളും സർജിക്കലുകളും ഉപകരണങ്ങളും വാങ്ങുന്നത് |
| അടങ്കൽ | ₹710000(വികസന ഫണ്ട്, ജനറൽ) |
| ചെലവ് ₹396803<br>ബിൽ/ചെക്ക് നമ്പർ, തീയതി | ₹33953, 3/21-22, 30-9-21<br>₹14999, 4/21-22, 3-12-21<br>₹69077, 5/21-22, 19-12-21<br>₹4000, 7/21-22, 11-1-22<br>₹234774, 12/21-22, 8-3-22<br>₹40000, 14/21-22, 17-3-22 |

മരുന്നും സർജിക്കലുകളും വാങ്ങി കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മരുന്ന് വാങ്ങുന്നതിനായി 3905/7-12-21 നമ്പർ പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 5/21-22, 19-12-21 പ്രകാരം ₹69077 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് . ഇൻവോയ്സ് നമ്പർ 14955/9-3-12 പ്രകാരം 21922/- രൂപയുടെയും ഇൻവോയ്സ് നമ്പർ 4232/13-6-22 പ്രകാരം 891/- രൂപയുടെയും മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി 46264/- രൂപയുടെ മരുന്ന് / ഉപകരണങ്ങൾ ലഭിച്ചതിന്റെ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നമ്പർ 14/21-22, തീയതി 17-3-22 പ്രകാരം ₹40000 ചെലവഴിച്ച് ശ്രീകണ്ഠാപുരം പ്രധാനമന്ത്രി ഭാരതീയ ജൻഔഷധി കേന്ദ്രത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 20212221/5-3-22 യിൽ 1000 എണ്ണം അസിത്രോമൈസിൻ ടാബ്ലെറ്റും (₹19000) 7000 എണ്ണം ത്രീലെയർ മാസ്കും (₹ 21000) വാങ്ങിയിട്ടുണ്ട്. 10-2-22 ലെ ഏരുവേശ്ശി പി എച്ച് സി ഫാർമസിസ്റ്റിന്റെ അപേക്ഷയിലും 28-2-22 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ സെയിൽസ് ഓർഡറിലും 1000 മാസ്കിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/28-11-2022), മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 തുടർ സാക്ഷരത – സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും രശീത് ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 118/22, തുടർ സാക്ഷരത (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 50,000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹40,350 |
| ബിൽ നമ്പർ, തീയതി | BRN No. 2119055201560103 1937, 29-1-2022 |

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 7 പഠിതാക്കളെയും പത്താംതരം തുല്യതക്ക് 11 പഠിതാക്കളേയും രജിസ്റ്റർ ചെയ്യിക്കുകയും പ്ലസ്സ് വൺ കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 7 പഠിതാക്കൾക്ക് പദ്ധതി വിഹിതം ഒരു പഠിതാവിന് ₹ 1500 പ്രകാരം 10,500 രൂപയും പത്താംതരം തുല്യത കോഴ്സിൽ 11പഠിതാക്കൾക്ക് ആകെ 11850 രൂപയും (10 X 1000 +1 X 1850) പദ്ധതി പ്രകാരം പിൻവലിച്ച് സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മേല്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച 40350 രൂപയിൽ ₹22350 സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (₹10500ഹയർസെക്കന്ററി

ഉല്ല്യത അക്കൗണ്ട് നമ്പർ 02880100113107 ലേക്കും ₹11850 പത്താംതരം ഉല്ല്യത അക്കൗണ്ട് നമ്പർ 57026996123 ലേക്കും). എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രശീത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെ.റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിഴ്ചകളും തനത് വരുമാനവർദ്ധവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ചകൾ

സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

മേൽസൂചിപ്പിച്ച സേവനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുക വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സേവനഉപനികുതി ചുമത്തി കണ്ടെത്തുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്നത് കാരണം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് അധികബാധ്യതയുണ്ടാകുന്നതിനിടാക്കിയിട്ടുണ്ട്.

സേവനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നതിന്റെ കണക്കുകൾ ഉദ്യോഗസ്ഥതലത്തിൽ ഭരണസമിതിയെ ബോധ്യപ്പെടുത്തി സേവനഉപനികുതി നിർണ്ണയം നടത്താത്തതിനാലാണ് ഇത്തരം വീഴ്ചകൾ ഉണ്ടാകുന്നതെന്ന് വ്യക്തമാണ്. വളരെയേറേ കാലതാമസം നേരിട്ട ശേഷം നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണം പോലുള്ള വിഷയങ്ങളിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി, ജീവനക്കാർ എന്നിവർ കൂട്ടായി ഗ്രാമപഞ്ചായത്ത് വരവ്-ചെലവ് പരിഗണിച്ച് സേവനഉപനികുതി ചുമത്തുന്നതിന്റെ ആവശ്യകതയും നിരക്കും യുക്തിപൂർവ്വം തീരുമാനിച്ച് സേവനങ്ങൾക്ക് ചെലവഴിക്കുന്ന തുക തിരിച്ച് ലഭിക്കുന്ന രീതിയിൽ നടപ്പിലാക്കാവുന്നതാണ്.

മറ്റ് കാരണങ്ങൾ

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

2.സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതിനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ കാരണം രേഖപ്പെടുത്താത്തതിനാലും വ്യക്തമായ

രേഖകളുടെ അഭാവത്തിലും ഇതു സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3.റിസോർട്ടുകൾ,പാർപ്പിടാവശ്യത്തിനുള്ള സ്വകാര്യ ഹോസ്റ്റലുകൾ മുതലായ കെട്ടിടങ്ങളെ നികുതി കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകുന്നു.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2.സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളോ മുറികളോ ഉണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5.ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ,മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7.ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഫീൽഡ് തല പരിശോധന നടത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണമുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലും കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. 2013-14 സാമ്പത്തികവർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പഞ്ചവത്സരറിവിഷൻ 2017-18 കാലയളവിൽ അവസാനിച്ചുവെങ്കിലും 2018-19 മുതൽ പ്രാബല്യത്തിൽ നടത്തേണ്ട പഞ്ചവത്സരറിവിഷന് സർക്കാർ അനുമതി നൽകിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഞ്ചവത്സരറിവിഷന് വേണ്ട നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

10.റിസോർട്ടുകൾ,പാർപ്പിടാവശ്യത്തിനുള്ള സ്വകാര്യ ഹോസ്റ്റലുകൾ മുതലായ കെട്ടിടങ്ങളെ പ്രസ്തുത വിഭാഗത്തിൽ തന്നെ ഉൾപ്പെടുത്തി നികുതി പരിഷ്കരിക്കുന്നതിനും കുടിശ്ശികയുൾപ്പെടെ ഈടാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്വകാര്യഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് കാരണം വരുമാന നഷ്ടം 1,52,712/-രൂപ

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ അംഗീകരിച്ച അടിസ്ഥാനവസ്തുനികുതി നിരക്ക് പ്രകാരം പാർപ്പിടാവശ്യങ്ങൾക്കുള്ള സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്ററിന് 30/-രൂപ വീതം ഈടാക്കേണ്ടതാണ്.പഞ്ചായത്തിന്റെ വസ്തുനികുതി സഞ്ചയയിൽ എൻട്രി ചെയ്തത് പരിശോധിച്ചപ്പോൾ പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ ഒരു ചതുരശ്രമീറ്ററിന് 4/-രൂപ പ്രകാരമാണ് ഈടാക്കിയിട്ടുള്ളതെന്ന് കണ്ടു.ഇതു കാരണം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിടനമ്പർ | പ്ലിന്ത് എരിയ (ച.മീ) | നിലവിലെ ആകെ നികുതി (വർദ്ധനവ് വഴിസൗകര്യം-20%,ഗ്രന്ഥശാലവരി -5%ഉൾപ്പെടെ) | ഈടാക്കേണ്ടിയിരുന്ന ആകെ നികുതി (വർദ്ധനവ് വഴിസൗകര്യം-20%,ഗ്രന്ഥശാലവരി -5%ഉൾപ്പെടെ) | കുറവ് (പ്രതിവർഷം) | 2013-14 മുതൽ 2021-22 വരെയുള്ള നഷ്ടം |
|---|---|---|---|---|---|
| 424 A | 86 | 434 | 3251 | 2817 | 25353 |
| 424 B | 86 | 434 | 3251 | 2817 | 25353 |
| 424 C | 86 | 434 | 3251 | 2817 | 25353 |
| 424 D | 86 | 434 | 3251 | 2817 | 25353 |
| 424 E | 87 | 439 | 3289 | 2850 | 25650 |
| 424 F | 87 | 439 | 3289 | 2850 | 25650 |
| ആകെ | | | | | 1,52,712 |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നിരക്കിനെക്കാളും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനാൽ 2013-14 മുതൽ 2021-22 വരെയുള്ള കാലയളവിൽ 1,52,712/-രൂപ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നു.കുറവ് വന്ന തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

### 2-2 റിസോർട്ടുകളുടെ വസ്തു നികുതി -റിസോർട്ടുകളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ മറ്റ് ഉപയോഗക്രമത്തിലുൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.₹93861 യുടെ നഷ്ടം.

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ എഫ്.ടി.ഇ.ആൻഡ്.ഒ.എസ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ മനോജ് കെ.കെ.,റെയിൻ ഹിൽസ് കാസിൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ലൈസൻസി,റെയിൻഹിൽസ് റിസോർട്ട് എന്ന റിസോർട്ട് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് എടുത്തിട്ടുണ്ട്.അപേക്ഷയിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പർ സഞ്ചയസോഫ്റ്റ് വെയറിൽ നൽകി പരിശോധിച്ചപ്പോൾ ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ താഴെപ്പറയും പ്രകാരം അപാകം സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടു. പ്രസ്തുത അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറി (നം.3/24.11.22)ക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ച് നിലനിൽക്കുന്ന അപാകങ്ങളാണ് ഈ ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

എഫ് ടി ഇ ആൻഡ് ഒ എസ് അപേക്ഷപ്രകാരം 625 H, 625I, 625 L,625 M എന്നീ നാല് കെട്ടിടങ്ങളിലായിട്ടാണ് റിസോർട്ട് പ്രവർത്തിക്കുന്നത്. എരുവേശ്ശി ഗ്രാമപഞ്ചായത്തിൽ ₹90 /ച.മീ. നിരക്കിലാണ് റിസോർട്ടുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടത്. എന്നാൽ സഞ്ജയ സോഫ്റ്റ്‌വെയറിൽ മേൽ കെട്ടിടങ്ങളെ ലോഡ്ജിങ് കെട്ടിട ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ₹20 /ച.മീ. നിരക്കിലാണ് വസ്തു നികുതി ഈടാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നം. | വിസ്തീർണ്ണം(ച.മീ.)/ സഞ്ചയ പ്രകാരം ഉപയോഗക്രമം | സഞ്ചയ പ്രകാരം ഈടാക്കുന്ന വസ്തുനികുതി (അടിസ്ഥാന | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി(അടിസ്ഥാന നികുതി+20%വർദ്ധനവ്-20% |
|---|---|---|---|---|

| | | | നികുതി+20%വർദ്ധനവ്-20% ഇളവ്)+5% LC | ഇളവ്)+5% LC |
|---|---|---|---|---|
| 1 | 625H | 57.79/ലോഡ്ജ് | 1214 | 5463 |
| 1 | 625I | 27.45/ലോഡ്ജ് | 577 | 2595 |
| 1 | 625L | 27.45/ലോഡ്ജ് | 577 | 2595 |
| 1 | 625M | 29.17/ലോഡ്ജ് | 614 | 2758 |
| | | ആകെ | 2982 | 13411 |

വ്യത്യാസം-₹10,429.വസ്തു നികുതി ഇനത്തിൽ ഓരോ വർഷവും 10429 രൂപയുടെ നഷ്ടം വരുന്നുണ്ട്.സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കി വരുന്നുണ്ട്.അതായത് 2021-22 വരെ വസ്തു നികുതി ഇനത്തിൽ ₹93861 യുടെ നഷ്ടം വന്നിട്ടുണ്ട്.ആയത് ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 24.11.22 &25.11.22 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/1718/2022 തീയതി: 28.02.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രോജക്ടിന്റെ പേര്/നമ്പര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,ഇരിക്കൂർ | 0 | 1144329 | 1144329 | ലൈഫ് ഭവനപദ്ധതി-പട്ടികവർഗം-SO 144/22 | 1144329 | 0 |
| | 0 | 160000 | 160000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി-SO 143/22 | 160000 | 0 |
| | 0 | 81525 | 81525 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 81525 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നൽകൽ-2020-21 വർഷം നൽകുവാൻ ബാക്കിയുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിക്കൽ-227/22 | | |
| | 0 | 216675 | 216675 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-60/22 | 216675 | 0 |
| | 0 | 300000 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-75/22 | 300000 | 0 |
| ആകെ | 0 | 1902529 | 1902529 | | 1902529 | 0 |
| ജില്ലാ പഞ്ചായത്ത്,കണ്ണൂര് | 0 | 292832 | 292832 | പാലിയേറ്റീവ് ഹോം കെയർ പരിപാടി-59/22 | 292832 | 0 |
| | 0 | 245000 | 245000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി-SO 143/22 | 245000 | 0 |
| | 0 | 160000 | 160000 | ലൈഫ് മൂന്നാം ഘട്ടം-സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ട്-SO 113/22 | 160000 | 0 |
| | 0 | 216675 | 216675 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-60/22 | 216675 | 0 |
| | 0 | 111000 | 111000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-75/22 | 111000 | 0 |
| ആകെ | 0 | 1025507 | 1025507 | | 1025507 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 4531708 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-102280,ജില്ലാ പഞ്ചായത്ത് വിഹിതം-4429428) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ /വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഭൂജലവകുപ്പ് | ഏരുവശ്ശി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള | 22101312/ 30-03-2022 | ₹504000 | 0 | ₹504000 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതിയുടെ ഭാഗമായി കുഴൽക്കിണർ കുഴിക്കുന്നതിന് ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ-213/22 | | | | |
| കെ എസ് ഇ ബി | ചെമ്പേരി,പയ്യാവൂർ കെ എസ് ഇ ബി ക്ക് കീഴിലെ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കുന്നതിന് കെ എസ് ഇ ബി ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ-211/22 | 22101311/ 30-03-2022 | 71568 | 71568 | 0 |
| കെ എസ് ഇ ബി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ-34/22 | ബിൽ നം.12/22-12-2-21-₹61420<br>16/27-01-2022-₹338580 ചെക്ക് നമ്പർ-661346/29-01-2022-₹71532 | 471532 | 471532 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തിരിച്ചടക്കുവാനുള്ള വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ-കെയുആർ ഡി എഫ് സി-ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമാക്കിയിട്ടില്ല. | 74,68,000 | 6676706 | 0 | 6676706 | 528000 | 0 | 6148706 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ലെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു.ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സമ്പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 4.1.8 | - | -വിഷയാധിഷ്ഠിത അവലോകനം | വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തു വകകൾ കാട്ടു പിടിച്ചു കിടക്കുന്നു. | നിലനിൽക്കുന്നു. (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 2016-17 | 2 | 2013-14<br>2014-15<br>2015-16 | 2.2<br>2.4 | തൊഴിൽനികുതി-അപാകങ്ങൾ. | നിലനിൽക്കുന്നു. (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60758786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58654535 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 246573 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1101456 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-11(2) (2-1) | 152712 | | ശ്രീ. റോബർട്ട് ജോസഫ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 1-14(1) (2-2) | 93861 | | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി |
| ആകെ | 246573 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 297881 | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. -289049/-രൂപ<br>ശ്രീ ഒ.എം ജോർജ്ജ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. -8832/-രൂപ |
| 1-21 | 332310 | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. |
| 1-22 | 51265 | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. – ₹35781,<br>ശ്രീ.ഒ.എം. ജോർജ്ജ്, സെക്രട്ടറി – ₹15484 |
| 1-25 | 420000 | ശ്രീ.റോബർട്ട് ജോസഫ്,സെക്രട്ടറി,ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. |
| ആകെ | 1101456 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 6646 | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. |
| ആകെ | 6646 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-1-11,1-12,1-13,1-18

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റോബർട്ട് ജോസഫ്,സെക്രട്ടറി | ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി, ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത്. | പുത്തൂർ, ഉളിക്കൽ, |

| | | |
|---|---|---|
| | | കണ്ണൂർ ജില്ല. |
| ശ്രീ ഒ.എം ജോർജ്ജ്, സെക്രട്ടറി | സീനിയർ സൂപ്രണ്ട്,<br>പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,<br>യൂണിറ്റ്- 4,<br>കല്ല്യാശ്ശേരി. | ഓലിക്കുന്നേൽ ഹൗസ്,<br>കാർത്തികപുരം (പി.ഒ),<br>കണ്ണൂർ ജില്ല. |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നമ്പർ തീയതി, അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 14തീയതി 28-11-2022 | വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്-സ്റ്റോൺ ക്രഷറിന് മോട്ടോർ റണ്ണിങ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ്-₹22750/- നഷ്ടം | ₹22750 | 1220101986/G130401തീയതി 30-11-2022 |
| 26തീയതി 30-11-2022 | വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല-വരുമാനനഷ്ടം | ₹10270 | 1220102008/G130401തീയതി 30-11-2022 |
| ആകെ | | 33020 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 1 | |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 2 | |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 1 | |
| 2009-10 & 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 1 | |

| | | | |
|---|---|---|---|
| 2013-14<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 1 | |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 2 | |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 4 | |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 4/1416 /2022തീയതി 13.10.2022 | 2 | |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/848 /2022തീയതി 24.06.2022 | 11 | |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/849 /2022തീയതി 24.06.2022 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Eruvessy Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16223199.00 |
| Cash | Cash | RP-40(a) | 120.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1490230.00 |
| 140000000 | Fees & User Charges | RP-4 | 512532.00 |
| 150000000 | Sale & Hire Charges | RP-5 | 233522.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36066590.00 |
| 171000000 | Interest Earned | RP-9 | 375547.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10339418.00 |
| 350000000 | Other Liabilities | RP-36 | 396217.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1350.00 |
| 311000000 | Earmarked Funds | RP-29 | 3521.00 |
| 340000000 | Deposits Received | RP-34 | 555658.00 |
| 350000000 | Other Liabilities | RP-36 | 803968.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9980233.00 |
| | Grand total | | 76982105.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3366407.00 |
| 220000000 | Administrative Expenses | RP-12 | 1129196.00 |
| 230000000 | Operations & Maintenance | RP-13 | 1439658.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3411894.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16523874.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2428343.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 400611.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 81840.00 |
| 255000000 | Maintenance Projects | RP-20 | 8389090.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 35000.00 |
| 280000000 | Prior Period item | RP-26 | -4197.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 499179.00 |
| 350000000 | Other Liabilities | RP-36 | 6593604.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1003.00 |
| 280000000 | Prior Period Item | RP-26 | -4950.00 |
| 340000000 | Deposits Received | RP-34 | 197965.00 |
| 350000000 | Other Liabilities | RP-36 | 3933864.00 |
| 410000000 | Fixed Assets | RP-38 | 2993629.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4169086.00 |
| 460000000 | Loans, Advances and Deposits | RP-47 | 3069439.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 18243681.00 |
| Cash | Cash | RP-40(b) | 83889.00 |
| | Grand Total | | 76982105.00 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

ruvessy Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5352850.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1409834.00 |
| 140000000 | Fee & User Charges | I-4(b) | 818017.00 |
| 150000000 | Sale & Hire Charges | I-5(b) | 233522.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 131721974.00 |
| 171000000 | Interest Earned | I-8 | 375547.00 |
| 180000000 | Other Income | I-9 | 8550.00 |
| | Total Income | | 139920294.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11552032.00 |
| 220000000 | Administrative Expenses | I-11(b) | 1129196.00 |
| 230000000 | Operations & Maintenance | I-12(b) | 1439658.00 |
| 240000000 | Interest & Finance Charges | I-13 | 1003.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4466859.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43834755.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2578343.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1029694.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 45625840.00 |
| 255000000 | Maintenance Projects | I-14(e) | 8389090.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 35000.00 |
| 272000000 | Depreciation | I-17(a) | 9820183.00 |
| | Total Expenditure | | 129901653.00 |
| | Gross Surplus/ Deficit of income over Expenditure | | 10018641.00 |
| 280000000 | Prior Period Item | I-18 | -118619.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10137260.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

Eruvessy Grama Panchayat BALANCE SHEET
As on 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10285444.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 38334.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 63952461.00 |
| | Total Reserve & Surplus | | 74276239.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14075319.00 |
| | Total Grants, Contributions for Specific Purposes | | 14075319.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6148706.00 |
| | Total Loans | | 6148706.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2458581.00 |
| 350000000 | Other Liabilities | B-9 | 1864585.30 |
| | Total Current Liabilities and Provisions | | 4323166.30 |
| | TOTAL LIABILITIES | | 98823431.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 124749000.00 |
| 411000000 | Accumulated Depreciation | B-11 | -54987757.00 |
| 412000000 | Capital Work in Progress | B-11(a) | 2411824.00 |
| | Total Fixed Assets | | 72173067.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4446125.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18327570.00 |
| 460000000 | Loans, Advances and Deposits | B-18 | 3876669.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 26650364.00 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 98823431.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.